# INDIAN SCHOOL DARSAIT
# DEPARTMENT OF MALAYALAM,2017-18

Subject: മലയാളം Topic : Comprehension Date of Worksheet : ___________

Resource Person: Kala.s Date : ___________________

Name of the Student :________________ Class & Division : _____ Roll Number : __

**S.No.**

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഒരിക്കലൊരിടത്ത് ചെറുങ്ങോരൻ എന്നു പേരായ ഒരു തെങ്ങു കയറ്റക്കാരൻ ഉണ്ടായിരുന്നു. ചെറുങ്ങോരന് തെങ്ങു കയറ്റമൊരു കലയാണ്. അതിനാൽ അയാളുടെ തെങ്ങുകയറ്റം ആളുകൾ നോക്കിനിന്നാസ്വദിക്കും. ആ നാട്ടിലെ ഏറ്റവും പൊക്കമുള്ള തെങ്ങ് കാട്ടകത്തു വളപ്പിലാണ്. നൂറുകൊല്ലം പ്രായമുള്ള തെങ്ങ് എന്നാണ് ചെറുങ്ങോരന്റെ ചെറുപ്പകാലത്ത് പഴമക്കാർ പറയാറ്. ആ തെങ്ങിപ്പോൾ തലപോയി നില്ക്കുകയാണ്. അങ്ങനെ നില്ക്കാൻ തുടങ്ങിയിട്ട് കൊല്ലം മൂന്നുനാലായി. എന്നിട്ടും വീണുപോയിട്ടില്ല. കാട്ടകത്ത് കാരണവർ അത് മുറിക്കാനിഷ്ടപ്പെട്ടില്ല. കാരണവന്മാരുടെ കാലത്തുള്ള തെങ്ങല്ലേ! വീഴുമ്പോൾ വീണോട്ടെ, അതിന്റെ കടയ്ക്കൽ കോടാലി വയ്പിക്കത്തക്ക കുരുത്തക്കേട് തനിക്കില്ലെന്നാണ് കാരണവർ പറയുന്നത്.

1. തെങ്ങുകയറ്റക്കാരന്റെ പേരെന്തായിരുന്നു?

   ......................................................................

2. ആളുകൾ നോക്കിനിന്ന് ആസ്വദിച്ചിരുന്നത് എന്ത്?

   ......................................................................

   ......................................................................

3. ആ നാട്ടിലെ ഏറ്റവും പൊക്കമുള്ള തെങ്ങ് എവിടെയായിരുന്നു?

   ......................................................................

4. കാരണവർ പറയുന്നതെന്ത്?

........................................................................

5. ഈ കഥയ്ക്ക് ഉചിതമായ ഒരു പേരുനല്കുക.

........................................................................